പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2818 07.12.2018 ൽ മറുപടിയ്ക്ക്

## വനം വകുപ്പ് അനുമതി നൽകിയിട്ടുള്ള ഇക്കോ ടൂറിസം പദ്ധതികൾ

| ചോദ്യം<br>ശ്രീ. കെ.വി.വിജയദാസ് | | മറുപടി<br>അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ഇക്കോ ടൂറിസത്തിന്റെ വിപുലമായ സാദ്ധ്യതകൾ വനം വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ; | (എ) | ഉണ്ട്. പൊതുജനങ്ങൾക്ക് വനത്തെ അടുത്തറിയാൻ സാധിക്കുക, വന സംരക്ഷണത്തെയും പരിസ്ഥിതി സംരക്ഷണത്തെയും പറ്റി അവരിൽ അവബോധം സൃഷ്ടിക്കുക, ഒപ്പം ആദിവാസികൾ ഉൾപ്പെടെയുള്ള വനാശ്രിതരായവരുടെ ജീവനോപാധി വർദ്ധിപ്പിക്കുക എന്നീ സാദ്ധ്യതകൾ നിറവേറ്റുന്നതിനായാണ് വനം വകുപ്പ് ഇക്കോ ടൂറിസം പദ്ധതികൾ നടപ്പാക്കി വരുന്നത്. പൂർണ്ണമായും പരിസ്ഥിതിയെ സംരക്ഷിച്ചുകൊണ്ട് പ്രകൃതിക്കനുയോജ്യമായ പരിപാടികളാണ് ഇക്കോടൂറിസവുമായി ബന്ധപ്പെട്ട് നടപ്പാക്കി വരുന്നത്. ഇത്തരത്തിൽ നിലവിൽ 60ൽപ്പരം ഇക്കോടൂറിസം കേന്ദ്രങ്ങൾ കേരളത്തിൽ പ്രവർത്തിച്ചു വരുന്നുണ്ട്. പങ്കാളിത്ത വനപരിപാലന വ്യവസ്ഥയിൽ ചെയ്തുവരുന്ന ഇത്തരം പരിപാടികൾ പദ്ധതി പ്രദേശത്തെ വനാശ്രിതർ അംഗങ്ങളായ വനസംരക്ഷണ സമിതികൾ/ഇക്കോ ഡെവലപ് മെന്റ് കമ്മിറ്റികൾ എന്നിവകളുടെ മേൽനോട്ടത്തിലാണ് നടപ്പാക്കുന്നത്. ഇതിലൂടെ ഏകദേശം 1000ത്തോളം വനാശ്രിതർക്ക് തൊഴിൽ നൽകുന്നതിന് സാധിക്കുന്നുണ്ട്. ഇത് അവരുടെ ജീവനോപാധി വർദ്ധനവിന് വലിയ ഒരളവുവരെ സഹായകരമാവുന്നുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വനം വകുപ്പ് അനുമതി നൽകിയിട്ടുള്ള ഇക്കോ ടൂറിസം പദ്ധതികൾ എന്തെല്ലാമാണ്; വിശദവിവരം നൽകുമോ; | (ബി) | മാങ്കുളം വനവികസന ഏജൻസിയുടെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന ആനക്കുളം ഇക്കോടൂറിസം പദ്ധതി, മലയാറ്റൂർ വന വികസന ഏജൻസി വഴി നടപ്പാക്കുന്ന ഭൂതത്താൻകെട്ട് ഇക്കോടൂറിസം പദ്ധതി എന്നിവയാണ് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അനുമതി നൽകിയ ഇക്കോടൂറിസം പദ്ധതികൾ. |
| (സി) | പാലക്കാട് ജില്ലയിലെ മീൻവല്ലം ഇക്കോ ടൂറിസം പദ്ധതിയായി ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് വനം വകുപ്പ് സന്നദ്ധമാകുമോ, ഇല്ലെങ്കിൽ എന്തുകൊണ്ട് എന്നറിയിക്കാമോ? | (സി) | പാലക്കാട് വനവികസന ഏജൻസിയുടെ ആഭിമുഖ്യത്തിൽ മീൻവല്ലം ഇക്കോടൂറിസം പദ്ധതി പ്രവർത്തനങ്ങൾ വനം വകുപ്പ് നടപ്പാക്കി വരുന്നുണ്ട്. ടി ഇക്കോടൂറിസം പദ്ധതി നല്ല രീതിയിൽ നടന്നു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ